**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4075 | 24.06.2019-ൽ മറുപടിക്ക്

**ആദിവാസി ജനവിഭാഗത്തിന്റെ കൈവശഭൂമി തിരികെ ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി. സജീന്ദ്രൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഇടുക്കി ജില്ലയിലെ അയ്യപ്പൻ കോവിൽ പഞ്ചായത്തിലെ ചെന്നിനായ്ക്കൾ കുടി സെറ്റിൽമെന്റിൽ സ്ഥിരതാമസക്കാരായ ആദിവാസി ജനവിഭാഗത്തിന്റെ കൈവശഭൂമി പാട്ടവ്യവസ്ഥയിൽ കൃഷി ചെയ്യുന്നതിനായി മറ്റ് വിഭാഗത്തിൽപ്പെട്ടവർ കൈക്കലാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ ; | എ) | അയ്യപ്പൻ കോവിൽ പഞ്ചായത്തിലെ ചെന്നിനായ്ക്ക കുടിയിൽ 9 ഊരാളി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂമി പാട്ടത്തിന് കൊടുത്തതായി അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്. നിലവിൽ ടിയാളുകൾക്ക് കൈവശഭൂമിയുടെ പട്ടയം നൽകാത്തതും അവകാശം സംബന്ധിച്ച മറ്റ് രേഖകൾ ഇല്ലാത്തതും തുടർനടപടിക്ക് തടസ്സമാകുന്നുണ്ട്. |
| ബി) | ഇത്തരത്തിൽ നഷ്ടപ്പെട്ട ഭൂമി ആദിവാസികൾക്ക് തിരികെ കിട്ടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | ബി) | ഒരാൾ മാത്രമാണ് ഇതു സംബന്ധിച്ച പരാതി ലഭ്യമാക്കിയിട്ടുള്ളത്. പരാതി ലഭ്യമാക്കിയ വ്യക്തിയുടെ അപേക്ഷ തുടർനടപടിക്കായി കട്ടപ്പന ഡി.വൈ. എസ്.പി.യ്ക്ക് കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**